പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5907** **07. 07. 2014** - ലെ മറുപടി

<u>ഇറാഖിലെ മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. ജി. സുധാകരൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിലെ ആഭ്യന്തര കലാപത്തെത്തുടർന്ന് എത്ര മലയാളികൾ നാട്ടിൽ തിരിച്ചെത്തിയിട്ടുണ്ട്; | (എ) ഇറാഖിലെ ആഭ്യന്തര കലാപത്തെത്തുടർന്ന് തിരിച്ചെത്തിയ മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമായിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സമയോചിത ഇടപെടലുകളിലൂടെ ഇറാഖിലെ സംഘർഷബാധിത മേഖലയായ തിക്രിതിൽ കുടുങ്ങിയ 45 മലയാളി നഴ്സുമാരെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) അവരുടെ പുനരധിവാസത്തിനായി സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) തിരികെയെത്തിയ പ്രവാസികൾക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പാക്കേജിന്റെ ആനുകൂല്യത്തിന് ഇറാഖിൽ നിന്നും തിരികെയെത്തുന്നവരും അർഹരാണ്. |

സെക്ഷൻ ഓഫീസർ